**കേരള സർക്കാർ**

നമ്പർ.326/ഡി.ബി-1/2017/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 23.11.2017.

## സർക്കുലർ

വിഷയം : ലൈഫ് മിഷൻ - ഭവനങ്ങളുടെ പൂർത്തീകരണം - ഫണ്ട് വകയിരുത്തലും നിർവ്വഹണവും - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന : സ.ഉ (എം.എസ്) നം. 196/2017 ത.സ്വ.ഭ.വ, തീയതി 11.10.2017.

ഭവന പൂർത്തീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഫണ്ട് വിനിയോഗം, നിർവ്വഹണ രീതി എന്നിവ സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ള കേന്ദ്ര-സംസ്ഥാന ഭവന പദ്ധതികളിൽ മുൻ വർഷങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നോ ലഭ്യമായിട്ടുള്ളതും എന്നാൽ നിലവിൽ ഗുണഭോക്താക്കൾക്ക് നൽകാൻ ബാധ്യതപ്പെടാത്തതുമായ തുക (ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട്, ആവശ്യത്തിലധികം വരുന്ന തുക അതാത് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാവുന്നതും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് വിനിയോഗിക്കാവുന്നതുമാണ്. ഇത്തരത്തിലുള്ള അക്കൗണ്ടുകളിൽ ലഭ്യമായിട്ടുള്ള പലിശയും ഇതിലേക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം കണ്ടെത്തിയ തുക വിവിധ വകുപ്പ് (പട്ടികജാതി വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ വകുപ്പ്, ലേബർ വകുപ്പ്) നിർവ്വഹണം നടത്തിയ പദ്ധതികളിലുള്ള ഗുണഭോക്താക്കളുൾപ്പെടെയുള്ള ഏത് ഭവന പദ്ധതിയിലേക്കും ഉപയോഗിക്കാവുന്നതാണ്. എന്നാൽ എസ്.സി/എസ്.ടി ഫണ്ടിന്റെ ഭാഗമായി ലഭിച്ച തുക പട്ടികജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തീകരിക്കുവാൻ മാത്രമേ വിനിയോഗിക്കാവൂ. ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ലഭ്യമായിട്ടുള്ള തുക ടി മാതൃകയിൽ ലൈഫ് പദ്ധതിയുടെ നിർവ്വഹണത്തിനായി വിനിയോഗിക്കാവുന്നതാണ്. നൽകുന്ന/വിനിയോഗിക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമായിൽ പ്രോജക്ടിനോടൊപ്പം ഉൾപ്പെടുത്തേണ്ടതും ലൈഫ് മിഷന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.
2. ഖണ്ഡിക 1-ൽ പരാമർശിക്കുന്ന തുക വിനിയോഗിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അംഗീകാരം ആവശ്യമില്ല. എന്നാൽ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപുതന്നെ ആസൂത്രണ സമിതിയുടെ സാധൂകരണത്തിനായി ആയത് സമർപ്പിക്കേണ്ടതാണ്.
3. ജില്ലാ പഞ്ചായത്തുകളും/ബ്ലോക്ക് പഞ്ചായത്തുകളും നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾ അവരുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിന് ആവശ്യമായിവരുന്ന തുക മുഴുവനായോ ഭാഗികമായോ പ്രോജക്ടിൽ

ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നൽകാവുന്നതാണ്. അതുപോലെ ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമ പഞ്ചായത്തുകളും നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തുകൾ പ്രത്യേക പ്രോജക്ട് തയ്യാറാക്കി ആവശ്യമുള്ള തുക പദ്ധതി വിഹിതത്തിൽ നിന്ന് നൽകാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താവുന്നതാണ്.

4. വകുപ്പുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ബന്ധപ്പെട്ട വകുപ്പിലെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ നിർവ്വഹണം ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്. വകുപ്പുകളിലെ ഭവന പദ്ധതികൾക്ക് തുക കൂടുതൽ ആവശ്യമായി വരുന്നപക്ഷം അതത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കി പദ്ധതി തുക വകയിരുത്താവുന്നതാണ്. ടി തുക നിർവഹണത്തിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കോ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കോ ടി.എസ്.ബി അക്കൗണ്ടിലേക്കോ നൽകാവുന്നതാണ്.

## അനുബന്ധം

### പ്രൊഫോർമ

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | നിലവിൽ ഗുണഭോക്താക്കൾക്ക് നൽകാൻ ബാധ്യതപ്പെടാത്ത ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമായിട്ടുള്ള ആകെ തുക (പലിശ ഉൾപ്പെടെ) | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | സ്വന്തം നിലയിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്ന തുക | തുക കൈമാറ്റം ചെയ്ത തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | നൽകിയ തുക | തുക കൈമാറ്റം ചെയ്ത വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവി | നൽകിയ തുക |

**എൻ. വിശ്രുതൻ ആചാരി**
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Shuja. A.

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.